പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1962

01.02.2018 ൽ
മറുപടിക്ക്

## വിദ്യാർത്ഥികൾക്ക് സൈബർ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |

എ) കുട്ടികൾക്കും വിദ്യാർത്ഥികൾക്കും സൈബർ സുരക്ഷ ഒരുക്കാൻ എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

എ) കുട്ടികൾക്കും വിദ്യാർത്ഥികൾക്കും സൈബർ സുരക്ഷ ഒരുക്കുന്നതിനായി സംസ്ഥാനത്തെ സ്കൂളുകളിലും, കോളേജുകളിലും സൈബർ അവേർനസ്സ് ക്ലാസ്സുകളും ബോധവത്കരണവും നടത്തിവരുന്നു. കൂടാതെ സൈബർ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി **Kid Glove Project** നടപ്പിലാക്കി വരുന്നു. കുട്ടികൾക്കും, വിദ്യാർത്ഥികൾക്കുമായി സൈബർ സുരക്ഷാ നിയമങ്ങൾ ഉൾക്കൊള്ളിച്ച് കേരളാ പോലീസ് സൈബർ ഡോമിന്റെ പ്രോജക്ടായ 'സൈബർ സുരക്ഷാ എ.ആർ കാർഡുകൾ' ജില്ലാ പോലീസ് പരിധിയിലുള്ള വിദ്യാലയങ്ങളിൽ വിതരണം ചെയ്തിട്ടുള്ളതും ആയതിന്റെ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതിനുള്ള ക്ലാസ്സുകൾ നൽകിയിട്ടുള്ളതുമാണ്. എസ്.പി.സി, എൻ.സി.സി തുടങ്ങിയ സന്നദ്ധ സംഘടനകളുമായി സഹകരിച്ച് സൈബർ സുരക്ഷയെ സംബന്ധിച്ച സെമിനാറുകളും, ബോധവത്കരണ ക്ലാസ്സുകളും നടത്തി വരുന്നു. കുട്ടികൾക്കും, വിദ്യാർത്ഥികൾക്കും സൈബർ സുരക്ഷ ഒരുക്കുന്നതിന്

'കേരളാ സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സിന്റെ' സംരംഭത്തിൽ ആരംഭിക്കുന്ന സൈബർ കൗൺസിലിംഗ് സെന്ററുമായി പോലീസ് ഡിപ്പാർട്ട്മെന്റ് സഹകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ബി) പ്രസ്തുത പദ്ധതി നടത്തിപ്പിൽ വിദ്യാലയങ്ങൾ /സന്നദ്ധ സംഘടനകൾ എന്നിവയുടെ സേവനം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ബി) നിലവിൽ ജില്ലയിലെ സ്കൂൾ, കോളേജ് അധികൃതർ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, വനിതാ സംഘങ്ങൾ, സാംസ്കാരിക സംഘടനകൾ, സാമൂഹ്യക്ഷേമ വകുപ്പ്, യുവജന ക്ഷേമവകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ